**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3904** | **19/03/2018-ൽ മറുപടിക്ക്**

## മങ്കട ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | | പ്രൊഫ.സി.രവീന്ദ്രനാഥ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ നൽകിയ പാർട്ട് ബില്ല് പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ടോ;<br>(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ നൽകിയ പാർട്ട് ബിൽ നിലവിലെ സംസ്ഥാന സീനിയോറിറ്റി പ്രകാരം എപ്പോൾ നൽകുവാൻ സാധിക്കും എന്ന വിവരം അറിയിക്കുമോ; | (എ) & (ബി) | ഉണ്ട്. മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ 20/07/2017-ലെ സ.ഉ(സാധാ) നം.1381/2017/ ധന ഉത്തരവ് പ്രകാരം 89,79,353/- (എൺപത്തി ഒമ്പത് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി മുന്നൂറ്റി അമ്പത്തി മൂന്ന് രൂപ മാത്രം) ലെറ്റർ ഓഫ് ക്രെഡിറ്റായി അനുവദിച്ചിട്ടുണ്ട്. 67,34,514/- (അറുപത്തേഴ് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) രൂപയുടെയും 51,75,184/- (അമ്പത്തൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി നൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപയുടെയും പാർട്ട് ബില്ലുകൾ ആഗസ്റ്റ് 2017-ലെ സ്റ്റേറ്റ് സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബില്ലുകളുടെ പേയ്മെന്റ് മെയ് 2018 ഓടു കൂടി ലഭ്യമാവുന്നതാണ് എന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (സി) | കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിനാൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | സ്വകാര്യ കെട്ടിടത്തിലാണെങ്കിലും ടി കോളേജ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**